being Mr. N. Rama Aiyar. The Tahsildars of Kottayam, Changanacherry and Ambalapuzha and the Special Punja Officer are coopted as members of the Board. It is understood from Mr. Rama Aiyar that in 1118 the total quantity of diesel oil allotted was nearly 1,072 tons for a total area of nearly one lakh of acres. It is stated that an additional area of 7,000 acres of back-water Kayal lands and over 10,000 acres of shallow water plots have been taken over for cultivation this year. It was, however, found that the oil companies had budgeted only for 775 tons of Diesel oil for this year. The Government were therefore asked to arrange immediately for at least 400 tons of oil in addition. On a previous requisition made by Mr. Rama Aiyar to Government, the Controller of Supplies was asked to sanction an additional quota of 200 tons. As soon as further communication was received the Controller of Supplies, Madras, was asked that the original allotment of 200 tons might be enhanced to 700 tons. I am glad to state that the Controller of Supplies took prompt action and replied that the oil companies have been instructed to release adequate quantity of Diesel Oil to meet the situation in the pumping areas. Mr. Rama Aiyar got into touch with the agents of the oil companies who had by that time increased the original allotment of 775 tons to 1,034 tons. Representatives of the Oil Companies were of the view that they could recommend to the Controller for sanction of additional quotas only if guarantee could be given that the oil distributed to the cultivators was actually utilised for pumping operations and for nothing else and that some body must take up the responsibility for this, and if it ultimately came out that oil was found to have gone into misuse the responsibility therefor must be fixed on the Board. If the Board could not take up the responsibility the Company would find machinery for doing the distribution themselves. Mr. Rama Aiyar stated that the Board could not take up this responsibility. Mr. Bartley has, therefore, enquired whether the Punja Special Officer could give a guarantee on behalf of Government. It is also seen that the Company has appointed a Company's Engineer to be at the spot to assess actual requirements for pumping operations. Some difference of opinion had arisen between the Engineer on the one hand and the Board on the other as to the quota required for consumption per acre.

The whole question was discussed by Mr. Bartley with me and it was agreed that a reasonable settlement could be arrived at by mutual discussion between the Punja Special Officer, Company's Engineer and Mr. Rama Aiyar. The Punja Special Officer has since discussed the matter with Mr. Bartley and asked for immediate instructions being issued to the Companies to supply 150 tons next week. Telegraphic Communications have already been issued to Mr Bartley on this subject and I am glad to say that a telegram has just been received that they have recommended immediate release of 340 tons

and that 110 tons were being supplied today (10-1-1944) and that they will telegraph further release immediately after sanction is obtained from the Controller."

The Special Punja Officer has also telegraphed to me this morning as follows :—

"Reference Phonocom of yesterday regarding diesel oil supply Position very hopeful. Regular supply expected from to morrow. Company's local representatives render full support. Existing arrangement for distribution may continue this season."

MR. N. NARAYANA KURUP : Sir, I wish to make a statement with regard to that.

PRESIDENT : What is it ?

MR. N. NARAYANA KURUP : The Chief Secretary's statement just read was in answer to my adjournment motion and I wish to make a statement with regard to it.

PRESIDENT : Yes, please go on.

MR. N. NARAYANA KURUP : സർ, ഞാൻ ഇന്നലെ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തിനുള്ള സമാധാനമാണ് ചീഫ് സിക്രട്ടറി അവർകൾ ഇപ്പോൾ വായിച്ചതെന്നു തോന്നുന്നു. എന്നാൽ ഈ അടിയന്തിര കാൎയ്യത്തിൽ ഗവൺമെൻറു ചെയ്യുന്ന സഹായങ്ങൾ കർഷകർ നന്ദിപൂർവ്വം സ്മരിക്കുന്നുണ്ടെങ്കിലും എണ്ണക്കമ്പനിക്കാരുടെ വാഗ്ദാനങ്ങളെ വിശ്വസിച്ചിരിക്കാമോ എന്നു ഞാൻ ബലമായി സംശയിക്കുന്നു. പുഞ്ചകൃഷിക്കാൎയ്യം നീട്ടി വയ്ക്കാവുന്നതല്ല.

എല്ലാക്കാലവും ധനുമാസം അവസാനത്തിനകം വിതച്ച് ഉറവയെടുത്തിരിക്കണം. എന്തെന്നുവെച്ചാൽ നിലം ഉണങ്ങി രണ്ടാഴ്ചയ്ക്കകം നെൽച്ചെടിക്ക് ശുദ്ധജലസേചനം നടത്തേണ്ടതായുണ്ട്. മകരം പകുതിയാകുമ്പോൾ നിലത്തിനുവെളിയിൽ ഉപ്പുവെള്ളമാകുന്ന പതിവുള്ളതുകൊണ്ടാണ്, ധനുമാസാവസാനത്തിനുമുമ്പ് വിത കഴിഞ്ഞിരിക്കണമെന്നു പറയുന്നത്. കർഷകനാണെങ്കിൽ തുലാം അവസാനമാകുമ്പോഴേക്കും, നിലത്തിൻെറ പുറവരമ്പുകൾ കുത്തി എൻജിൻ വച്ചു തയാറാക്കും. എൻജിൻ നടത്താനുള്ള എണ്ണയുടെ സ്ഥിതിയനുസരിച്ചു കാലാകാലത്തു വിതയ്ക്കുകയും ചെയ്യും.

ഇന്നത്തെ കർഷകൻെറ സ്ഥിതി പരിതാപകരമാണ്. അവൻ വൃശ്ചികമാസം മുതൽ ദിവസേന, ഓയിൽ ബോർഡുകാരുടെയും എണ്ണക്കമ്പനി ഏജൻറന്മാരുടേയും പടിവാതിൽ കാക്കുന്നു. ദിവസേന നടന്നുനടന്നു കുറേശ്ശ എണ്ണ ഓരോ ദിവസത്തേക്കുമായി വാങ്ങി എൻജിൻ നടത്തി വിതച്ചു കഴിഞ്ഞവരുമുണ്ട്. അതുതന്നെ ഒന്നരമാസക്കാലം കൊണ്ടാണ്. എൻജിൻസ് രാത്രിയും പകലും നടത്തുന്നതിന് എണ്ണ കൊടുത്തിരുന്നെങ്കിൽ, എല്ലാനിലങ്ങളും ധനു ൧൫-ാംനു-ക്കകം വിതച്ചു കഴിയുമായിരുന്നു.

[Mr. N. Narayana Kurup.]

എന്നാൽ എണ്ണക്കമ്പനിക്കാരും ഏജൻറന്മാരും ഓയിൽബോർഡിൻെറ പെർമിററിനെ അവഗണിച്ചിട്ടുണ്ട്. ഓയിൽബോർഡ്, ഒരു പരിമാണം ക്ലിപ്തപ്പെടുത്തിയാൽ, ഏജൻറന്മാർ അത്രയും വേണ്ടെന്ന് കമ്പനിയെ അറിയിക്കും. കഴിഞ്ഞയാണ്ടിൽ കുട്ടനാട്ടിൽ പത്തരലക്ഷംപ്പറനിലത്തോളം കൃഷിയുണ്ടായിരുന്നു. അന്ന് ഗ്യാസ് എൻജിനായിരുന്നു അധികവും ഉപയോഗപ്പെടുത്തിയത്. ഏകദേശം ആയിരത്തിഎഴുപത്തിരണ്ട് (൧൦൭൨) ടൺ എണ്ണ ചിലവായി. ഈയാണ്ടിൽ ഉദ്ദേശം ൧൨ ലക്ഷംപ്പറ നിലം കൃഷിയുണ്ട്. അവിചാരിതമായി മടവീണതിനാൽ ഉദ്ദേശം രണ്ടുലക്ഷംപ്പറ നിലങ്ങളിൽ വീണ്ടും എണ്ണ ഉപയോഗിച്ച് വെള്ളം വററിക്കേണ്ടതായിവന്നു. അതിനുംപുറമേ, എണ്ണ എത്രവേണമെങ്കിലും തരാമെന്ന് കമ്പനി ഏജൻറന്മാർ പറഞ്ഞതിനെ വിശ്വസിച്ചും, കരിയുടെ കുറവുകൊണ്ടും ഗ്യാസ് യന്ത്രങ്ങളായി രൂപാന്തരപ്പെടുത്തി. അപ്രകാരം ഈയാണ്ടിൽ കൂടുതൽ എണ്ണ വേണ്ടിയിരിക്കെ, കമ്പനി ഏജൻറന്മാർ ൭൭൫ ടൺ മതിയെന്നും ബോർഡും കർഷകരും മിതമായി എണ്ണ ഉപയോഗിക്കുന്നില്ലെന്നും കമ്പനിയെ അറിയിച്ചു.

ഗവമ്മെൻറിൻെറ നിർദ്ദേശാനുസരണം ഇമ്പീരിയൽ ഗവമ്മെൻറ് അത്യാവശ്യമുള്ള എണ്ണ കൊടുക്കാൻ ഉത്തരവായെങ്കിലും, സ്വാർത്ഥതല്പരരായ കമ്പനി ഏജൻറന്മാരും ഇൻസ്പെക്ടറന്മാരുംകൂടി കമ്പനിയെ തെററിദ്ധരിപ്പിച്ച്, ഒരു വിഷമഘട്ടമുണ്ടാക്കിയെന്നും അത് അവർക്ക് കൂടുതൽവിലയ്ക്ക് എണ്ണക്കച്ചവടം നടത്താനായിരുന്നുവെന്നും കേൾവിയുണ്ട്. എണ്ണവിതരണബോർഡിനോട് ആലോചിക്കാതെയും സംഗതികളറിയാതെയും ഏജൻറന്മാർ അളവുനിശ്ചയിച്ചതുതന്നെ ബോർഡിനെ ഇല്ലാതാക്കാനാണ്. ഓയിൽബോർഡ് അവർക്ക് ഒരു ശല്യമായി തോന്നീട്ടുണ്ട്. ബോർഡിനെ തെററിദ്ധരിപ്പിക്കപ്പെടുന്നുണ്ട്. ബോർഡുകൊടുക്കുന്ന പെർമിററനുസരിച്ചുള്ളതിൽ പകുതി കൊടുത്തും മുഴുവനും രസീതുവാങ്ങിയും ഏജൻറന്മാർ എണ്ണ കൊടുത്തതായി രേഖാമൂലം പരാതിപ്പെട്ടതായും അറിയുന്നു. ആ എണ്ണ ഏജൻറന്മാർ കൺട്രോൾ വിലയുടെ മൂന്നിരട്ടിക്ക് വിററതായും അത്യാവശ്യം കൊണ്ട് കർഷകർ വാങ്ങിച്ചിട്ടുള്ളതായും പറയപ്പെടുന്നു.

ഇപ്പോൾ കൊടുക്കുന്നതുതന്നെ ഓരോ ദിവസത്തേയ്ക്ക് ആവശ്യമുള്ള എണ്ണയാണ്. കർഷകൻ എട്ടും പത്തും മൈൽദൂരം ദിവസവും വന്ന് എണ്ണ വാങ്ങേണ്ടതായിരിക്കുന്നു. വിതയ്ക്കാൻ വിത്തുകിട്ടിയെന്നോ വിതച്ചുകഴിഞ്ഞെന്നോ അറിഞ്ഞാൽ എണ്ണയില്ലെന്ന് ഏജൻറന്മാർ പറയുന്നതായും കേൾക്കുന്നു. എന്നാൽ കള്ളക്കച്ചവടത്തിന് എണ്ണ കി

ട്ടുകയും ചെയ്യുന്നു. കിളുത്തവിത്ത് നശിക്കുമെന്നും വിതച്ചവിത്ത് വെള്ളം കൂണം വററാതിരുന്നാൽ ചീഞ്ഞുപോകുമെന്നും കരുതി കർഷകർ ഏതു വിലയ്ക്കും എണ്ണ വാങ്ങുകയും ചെയ്യും. അപ്രകാരം കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഇനിയും ഉദ്ദേശം ൩൩൦൦൦ ഏക്കറിലെ വെള്ളം വററിക്കാനും വിത നടത്താനും ഉണ്ട്. ഇന്ന് ധനു ൨൭ ആയി. ഇനിയും എന്ന് എണ്ണ കിട്ടുമോ എന്ന് എനിക്കറിഞ്ഞുകൂടാ. കമ്പനി പ്രതിനിധിയുമായി ഗവണ്മെൻറ് സംഭാഷണം നടത്തിയെന്നും ൩൪൦ ടൺകൂടി ഉടൻ കിട്ടുമെന്നും പറയുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ അക്കാര്യം നടക്കുന്നുണ്ടോ എന്ന് ഗവണ്മെൻറ് പ്രത്യേകം നിഷ്കർഷമായി അന്വേഷിക്കണം. എണ്ണ ഉടനടി വിതരണം നടത്താൻ വ്യവസ്ഥയുണ്ടെന്നും പുഞ്ച സ്പെഷ്യലാഫീസർ ചീഫ്സെക്രട്ടറി അവർകൾക്കു ഫോൺചെയ്തിട്ടുണ്ടെന്നും പറയുന്നുണ്ടെങ്കിലും കർഷകരുടെ ബുദ്ധിമുട്ടിന് കുറവുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ഏതായാലും ഭാവിയിൽ ഈ കുഴപ്പമുണ്ടാകാതിരിക്കാൻ വ്യവസ്ഥയുണ്ടാക്കേണ്ടതു് അത്യാവശ്യമാണ്. ഇപ്പോൾ കർഷകർ അനുഭവിച്ച നഷ്ടം പലവിധത്തിലാണ്. സാധാരണ രാവുംപകലും എൻജിൻ നടത്തിയാൽ വെള്ളം വററുന്ന ദിവസങ്ങൾ നിശ്ചയിച്ച് എൻജിൻ കൂലി പറഞ്ഞു് ഏർപ്പാടുചെയ്തവർക്ക്, കൂടുതൽ ദിവസം എൻജിൻ പാടത്തുവച്ചുകൊണ്ടിരിക്കേണ്ടതായിവരുന്നു. അതു കാരണം എൻജിൻ കൂലിയും ശമ്പളക്കാരുടെ ചിലവും കൂടുതലായി. വിതയ്ക്കാൻ വെള്ളം വററുന്നതിന് രണ്ടുദിവസം മുമ്പ് വിത്തുകിളുപ്പിക്കേണ്ടവർ, മുറയ്ക്കു എൻജിൻ നടക്കുമെന്നുകണ്ട് വിത്തുകിളുർപ്പിച്ചു. എണ്ണ കിട്ടാത്തതിനാൽ വെള്ളം വിതപരുവത്തിൽ വററാതെ, വിത്ത് ഉണക്കി നഷ്ടപ്പെട്ടുവരുന്നുണ്ട്. വിത കഴിഞ്ഞു് നാലഞ്ചുദിവസംകൊണ്ട് മുഴുവൻ വെള്ളവും വററണം. എണ്ണകിട്ടായ്കയാൽ വെള്ളം വററിക്കാതെ വിത്തു ചീഞ്ഞു പൊങ്ങി നഷ്ടപ്പെട്ടുവരുന്നു. ഇതിനെല്ലാം പുറമേ, ദിവസവും പട്ടണത്തിൽ നടന്നലഞ്ഞു് കഷ്ടവും നഷ്ടവും അനുഭവിക്കുന്നു.

ഏതായാലും മേലാലെങ്കിലും ഓയിൽബോർഡിൻെറ കണക്കനുസരിച്ചുള്ള ൭൫൦൦ ടൺ ഡീസൽഓയിൽ തുലാം ൩൦-നുമുമ്പ് തിരുവിതാംകൂറിൽ ഗവണ്മെൻറധികാരത്തിൽ സൂക്ഷിക്കണം. അതിനു കർഷകർ മുൻകൂറിൽ വിലതരണമെന്നുണ്ടെങ്കിൽ തരാനും തയ്യാറാണ്. അങ്ങിനെ ചെയ്തു് സാധുകർഷകരെ സഹായിച്ചില്ലെങ്കിൽ, എണ്ണക്കമ്പനിയുടെ കരുണയ്ക്കു് കർഷകരെ തള്ളിവിട്ട് കൂടിയവിലയ്ക്കു് എണ്ണവാങ്ങുന്നതിനോ, അല്ലാത്തപക്ഷം അവർ തരുമ്പോൾ

[Mr. N. Narayana Kurup]

എണ്ണ വാങ്ങി വെള്ളം വററിച്ചുവിതക്കുന്നതിനോ, ഇടയാക്കുന്നെങ്കിൽ കർഷകൻ നഷ്ടപ്പെടും. ഗവണ്മെൻറ് ഉദ്ദേശിച്ച വിളവുകിട്ടാതെയാവുകയും ചെയ്യും. ആകയാൽ ഇപ്പോൾ അത്യാവശ്യമുള്ള എണ്ണയും മണ്ണെണ്ണയും ഉടനടി കൊടുപ്പിക്കുന്നതിനും മേലാൽ അവ ഗവണ്മെൻറുതന്നെ വാങ്ങി സൂക്ഷിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ദ്രുതഗതിയിൽ ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ടും ഗവണ്മെൻറിന്റെ സഹായത്തിന് നന്ദിപറഞ്ഞുകൊണ്ടും അഭിനന്ദനം രേഖപ്പെടുത്തിയും വിരമിക്കുന്നു.

RESOLUTION ON CULTIVATION OF PADDY LANDS.

MR. K. P. KOCHUKORA THARAKAN : സർ, ഞാൻ എന്റെ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളട്ടെ.

> "Considering that sufficient quantity of paddy is not being produced in Travancore and that great difficulties are being experienced in getting food supplies from outside due to the present war situation, this Assembly recommends to Government that uncultivated lands to the extent of five hundred thousand acres at least be cultivated under the direct supervision of Government so that the food problem in the State may effectively be solved."

ഇതേ സംബന്ധിച്ച് മററു മെമ്പർമാരും ഞാൻതന്നെയും നാലഞ്ചു പ്രമേയങ്ങൾ ഇവിടെ അവതരിപ്പിക്കയും കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണു. അതുകൊണ്ടു ദീർഘമായ ഒരു പ്രസംഗം ഇതിനെപ്പററി ചെയ്യണമെന്നു ഉദ്ദേശിക്കുന്നില്ല. ഗവണ്മെൻറ് ഇക്കാര്യത്തിൽ ഇപ്പോൾ അനുവർത്തിച്ചു പോരുന്ന നയത്തെ ഒന്നുകൂടി പുനരാലോചന ചെയ്തു ഭക്ഷണസാധനങ്ങളുടെ ഉൽപ്പന്നം വർദ്ധിപ്പിയ്ക്കുന്നതിനു ഉതകുന്ന ഒരു നയം സ്വീകരിയ്ക്കണമെന്നു മാത്രമെ ഈ പ്രമേയാവതരണം കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നുള്ളു. മലം പ്രദേശങ്ങളിൽ കൃഷിചെയ്യാതെ ഇനിയും ധാരാളം സ്ഥലങ്ങൾ കൃഷിക്കു ഉപയോഗയോഗ്യമായി കിടപ്പുണ്ടെന്നുള്ള സംഗതി ആർക്കും മറച്ചുവയ്ക്കത്തക്കതല്ല. അരിയും മററു ഭക്ഷ്യസാധനങ്ങളും കിട്ടുവാൻ വളരെ വിഷമമുള്ള ഈ ഘട്ടത്തിൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ കഴിയുന്നതും വേഗം ഏതു വ്യവസ്ഥയനുസരിച്ചായാലും കൃഷി ചെയ്യിപ്പിക്കണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കണമെന്നുള്ള വിചാരത്തോടുകൂടിയാണ് ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഇതിനുള്ള ആവശ്യത്തെപ്പററിയും ന്യായങ്ങളെപ്പററിയും ഇതിനു മുൻപ് പലയവസരങ്ങളിലും പല മെമ്പർമാരും ഞാൻതന്നെയും ദീർഘമായി ഇവിടെ പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇപ്പോൾ അധികമൊന്നും പറയുന്നില്ല. ഭക്ഷണകാര്യത്തിലുള്ള ക്ഷാമപരിഹാരത്തിനായി ഇന്നു ഗവണ്മെൻറു നടത്തിക്കൊണ്ടിരി

ക്കുന്ന പരിശ്രമത്തെപ്പററി സർവജനങ്ങളും ഒരുപോലെ അഭിനന്ദിക്കുന്നു എന്നു ഞാനും സമ്മതിക്കുന്നു. ആഹാരസാധനങ്ങൾ വെളിയിൽനിന്നും വരുത്തുന്നതുകൊണ്ടോ ഇവിടത്തെ ഇൻറൻസീവ് കൾട്ടിവേഷൻകൊണ്ടോ ഭക്ഷണക്ഷാമം ഇപ്പോൾ പരിഹരിക്കാവുന്നതല്ലാ. എക്സ്റ്റൻസീവ് കൾട്ടിവേഷൻകൊണ്ടുംകൂടെ മാത്രമാണു തല്ക്കാലപരിഹാരം ഉണ്ടാക്കാവുന്നതു്. തരിശുനിലങ്ങൾ ധാരാളം കൃഷിചെയ്യാതെ കിടപ്പുണ്ടു്. റിസർവു ഫാറസ്റ്റിൽതന്നെ കയറണമെന്നുആരും നിർബന്ധമായി പറയുന്നില്ല. റിസർവു ഫാറസ്റ്റിൽപ്പെടാതെ അനവധി സ്ഥലങ്ങൾ തരിശുഭൂമികളായി ഗവണ്മെൻറു് ആധീനത്തിൽ കിടപ്പുണ്ടു്. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ കായലായാലും കരയായാലും ഫാറസ്റ്റായാലും ഉടനെ കൃഷിചെയ്യാവുന്ന സ്ഥലങ്ങൾ ഗവണ്മെൻറു് കൃഷിയ്ക്കായി വിട്ടുകൊടുക്കണം. കാന്തല്ലൂർപകുതി ഉൾപ്പെട്ട അഞ്ചെനാട്ടിൽ ഏകദേശം മുപ്പതിനായിരം ഏക്കർസ്ഥലത്തു കൃഷി ചെയ്യുന്നതിനു സൗകര്യമുണ്ടെന്നു ഞാനുൾപ്പെടെ പലരും ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തീട്ടുണ്ടു്. അവിടെ ഇപ്പോൾ കൃഷിചെയ്യുന്ന സ്ഥലങ്ങൾ അവിടവിടെയായിട്ടു ഗവണ്മെൻറു ഭൂമിയും പതിവുഭൂമിയും ഇടവിട്ടു കിടക്കുന്നതുകൊണ്ടു് പതിവു് ഭൂമിയിൽ കൃഷി ചെയ്താൽ ഗവണ്മെൻറു് ഭൂമിയിൽ നിന്നു കാട്ടുജന്തുക്കൾ വന്നു കൃഷി നശിപ്പിയ്ക്കുന്നു. ഗവണ്മെൻറു ഭൂമികൾ എന്നു പറഞ്ഞതു റിസർവ്വ് അല്ല. തരിശായി കാടുപിടിച്ചു കിടക്കുന്ന കൃഷിക്കുകൊള്ളാവുന്ന സ്ഥലങ്ങളാണു്. അതുകൾകൂടെ കൃഷിക്കു കൊടുത്താൽ കൂടുതൽ ഭൂമിയിൽ കൃഷിചെയ്തു വിളവു വർദ്ധിപ്പിക്കുകയും കാട്ടുജന്തുക്കളുടെ ഉപദ്രവം ഇല്ലാതാവുകയും ചെയ്യും. അതിനാൽ കൃഷിചെയ്യാൻ സൗകര്യമുള്ള സ്ഥലങ്ങൾ കൃഷിക്കായിട്ടു വിട്ടുകൊടുക്കണം. അങ്ങനെ വിട്ടുകൊടുക്കുകയാണെങ്കിൽ ഏകദേശം മുപ്പതിനായിരം ഏക്കറിൽ കുറയാതെ നാല്പതിനായിരം ഏക്കറിൽ കൂടാതെ ഉള്ള സ്ഥലം ഞാൻ മുൻപറഞ്ഞ അഞ്ചെനാട്ട് പ്രദേശത്തു തന്നെ കൃഷിക്കായി എടുക്കുവാൻ കഴിയുന്നതാണു്. കൃഷിക്കായി കൊടുക്കുന്ന സ്ഥലങ്ങൾ പാട്ടത്തിനുതന്നെ കൊടുക്കണമെന്നു എനിക്കു നിർബന്ധമില്ല. വാരത്തിനു കൊടുത്താലും മതി. റിസർവ്വ് ഫാറസ്റ്റിനെ നശിപ്പിക്കാതെ ബഹുമാനപ്പെട്ട ദിവാൻജി അവർകൾ പറഞ്ഞതുപോലെ, കായൽകൃഷിയെ വർദ്ധിപ്പിച്ചു് നമുക്കു ആവശ്യമുള്ള നെല്ലു് ഇവിടെത്തന്നെ ഉണ്ടാക്കുവാനുള്ള ലാംഗ് ടൈം പാലിസി നടപ്പിൽ വരുത്തുന്നതുവരെ കഴിയുന്നതും വേഗം നെല്ലു വിളയിയ്ക്കാനുള്ള താല്ക്കാലിക മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു അതിലേയ്ക്കു ആവശ്യമായ ഒരു പ്രത്യേകനയം

[Mr. K. P. Kochukora Tharakan[

ഗവണ്മെൻറ് സ്വീകരിക്കണം എന്നാണ ഞാൻ പറയുന്നതു്. അതു തരിശുഭൂമികളായാലും കൊള്ളാം പുറംപോക്കുഭൂമികളായാലും കൊള്ളാം. ഫാറസ്റ്റിലുള്ള ഈററക്കാടുകളായാലും കൊള്ളാം ചതുപ്പുനിലങ്ങളായാലും കൊള്ളാം തിരുവിതാംകൂർ നിവാസികൾക്ക് അരോചകമായിട്ടുള്ള മററു ധാന്യങ്ങൾ ഇറക്കുമതിചെയ്യാതെ നമുക്കു ആവശ്യമുള്ള നെല്ലു ഇവിടെ തന്നെ വിളയിക്കണം. അതിനാവശ്യമായ അടിയന്തരനടപടികൾ കഴിയുന്നതും വേഗം അത്യാവശ്യമായി ഉടനെ തുടങ്ങണം അതിനു ഗവണ്മെൻറുതന്നെ ഉണർന്നു പ്രവൃത്തിക്കണം എന്നുള്ള എൻെറ ഈ പ്രമേയത്തെ ഈ സഭയിലെ എവരും ഹാർദ്ദവമായി എതിരുകൂടാതെ അംഗീകരിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

MR. A. K. KUMARAN VAIDYAN : സർ, ഞാൻ ഇവിടെ മി. കൊച്ചുകോരത്തരകൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

തിരുവിതാംകൂറിലെ ഭക്ഷണ ദൗർലഭ്യത്തെ പരിഹരിക്കുന്നതിനു കൃഷി വർദ്ധിപ്പിക്കണമെന്നുള്ള വാദം ഇവിടെ കുറെ കൊല്ലങ്ങളായി കൊണ്ടുവരാൻ തുടങ്ങിയതാണ്. അടുത്തകാലത്തു ഇതിനു കുറെയൊക്കെ പരിഹാരം ഗവണ്മെൻറിൻെറ അത്യന്ത പരിശ്രമംകൊണ്ട് വന്നിട്ടുമുണ്ട്. കൃഷിക്കുപയുക്തമായ സ്ഥലങ്ങൾ മററുതരത്തിൽ അവ ഉപയോഗപ്രദമായിരുന്നാലും ശരി, കൃഷിക്കായിത്തന്നെ ഈ അവസരത്തിൽ ഉപയോഗപ്പെടുത്തണമെന്നും അതിനായി ജനങ്ങളും ഗവണ്മെൻറും ഒരുപോലെ തയാറാകണമെന്നുമാണ് എനിക്കു പറയുവാനുള്ളതു്. പീരുമേട്ടിൽ കോലാഹലമേട് എന്നൊരു സ്ഥലം ഉണ്ട്. അവിടെ ഏതു കൃഷിയും നടത്തുന്നതിനുള്ള സൗകര്യവുമുണ്ട്

MR. S. KRISHNA AIYAR (*Nominated*): മെംബർ ആ സ്ഥലം കണ്ടിട്ടുണ്ടോ?

MR. A. K. KUMARAN VAIDYAN : ഞാൻ കണ്ടിട്ടില്ല.

MR. S. KRISHNA AIYAR : അവിടെ ഒരു കൃഷിയും ചെയ്യുവാനുള്ള സൗകര്യവുമില്ലെന്നു ഞാൻ പറഞ്ഞാൽ അതു സ്വീകരിക്കുവാൻ മെമ്പർ തയ്യാറാണൊ?

MR. A. K. KUMARAN VAIDYAN : ആ സ്ഥലം മെമ്പറുടെ കൈവശത്തിലിരിക്കയാണെന്നു എനിക്കറിയാം. അവിടെ എല്ലാ കൃഷിയും ചെയ്യാൻ കഴിയുമെന്നാണ് എൻെറ അറിവു്. സർ, ഇതുപോലെ പല സ്ഥലങ്ങളുമുണ്ട്. മലയാററൂർ റിസർവിൽ അതിരംപള്ളി വെള്ളച്ചാട്ട

ത്തിനടുത്തു് തിരുവിതാംകൂർ വക ധാരാളം സ്ഥലം കൃഷിചെയ്യത്തക്ക സൗകൎയ്യത്തിൽ കിടപ്പുണ്ടു്. വെള്ളപ്പൊക്കം നിമിത്തം കൃഷിക്കു അസൌകൎയ്യമുണ്ടാകുന്നുവെന്നാണു് കൃഷിചെയ്യാതെ കിടക്കുന്നതിന്റെ കാരണത്തെപ്പറ്റി ചോദിച്ചപ്പോൾ കൺസർവേറ്റർ അവർകൾ പറഞ്ഞതു്. ഇതുവരെയും മലവെള്ളം അവിടെ കയറിയതായി അറിവില്ല. ആ സ്ഥലം ഞാൻ കണ്ടിട്ടുണ്ടു്. കൃഷി നടത്തിക്കൊണ്ടു പോകുന്നതിനു വലിയ ബുദ്ധിമുട്ടു് ഇല്ലെന്നാണ് എനിക്കു തോന്നിയിട്ടുള്ളതു്. അവിടെയുള്ള കാടുകൾ വെട്ടിയാൽമഴ കുറയുമെന്നു പറയുന്നതായി ഞാൻ കേൾക്കുന്നു.

കൊച്ചി ഗവൺമെൻറ് ൨൪൦൦൦ ഏക്കർ സ്ഥലത്തു കൃഷി ചെയ്യുന്നതിന് ചില സൗകൎയ്യമായ വ്യവസ്ഥകൾ ഏൎപ്പെടുത്തിയിട്ടുണ്ടു്. ഏക്കർ ഒന്നിനു ഒരു രൂപാവീതം ഗവൺമെൻറു സഹായം ചെയ്തുവരുന്നു. അതുപോലെതന്നെ മൈസൂർ ഗവൺമെൻറും ആദായകരമായ വിധം ചില വ്യവസ്ഥകൾ ചെയ്തു കൃഷിക്കാരെ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ടു്. അതു് വളരെ ആകൎഷണീയമായ ഒരു രീതിയിലാണ് എന്നാണ് അറിയുന്നതു്. ഇവിടത്തെ ഭരണാധികാരികളും ഈ നയം അനുവൎത്തിച്ചു് കൃഷി ചെയ്യിക്കുന്നതിന് കർഷകരെ കഴിവുള്ളത്ര പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. കഴിഞ്ഞകൊല്ലം ഈ സഭയിൽ കൊച്ചിയിലെ ഹിൽപാഡിപദ്ധതിയെ കുറിച്ചു് ഒരു സംഗതി ഞാൻ പറഞ്ഞു. എന്നാൽ ആ പദ്ധതിക്കു് ഏററവും പരാജയമാണു് ഉണ്ടായതു് എന്നു മാറിപ്പോയ അവിടത്തെ ദിവാൻജി മി. ഡിക്സൻ ചെയ്ത ഒരു പ്രസ്താവനയിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. കായൽ സ്ഥലങ്ങളല്ലാത്ത കരസ്ഥലങ്ങൾകൂടി കൃഷിക്കു് പതിച്ചുകൊടുക്കേണ്ടതാണു്. പറവൂർ താലൂക്കിൽ ഏകദേശം ആയിരം ഏക്കറോളം സ്ഥലങ്ങൾ പലരുടെയും പേരിൽ പതിഞ്ഞു കിടപ്പുണ്ടു്. ഇപ്പോഴും അവിടെ കൃഷി ചെയ്തിട്ടില്ല. ഒന്നുകിൽ അതു് ഗവൺമെൻറ് ഏറെറടുക്കുകയോ അല്ലെങ്കിൽ കൃഷി ചെയ്യുന്നതിന് താല്പൎയ്യമുള്ള ആൎക്കെങ്കിലും ഈ സ്ഥലം എടുത്തുകൊടുക്കുകയൊ ചെയ്താൽ അവിടെ അടുത്തകൊല്ലത്തെ കൃഷിയെങ്കിലും നടത്തുവാൻ കഴിയും. ഏഴിക്കര പകുതിയിൽ ചാത്തനാട്ടു് ചവുക്കയുടെ പടിഞ്ഞാറുവശം ഒട്ടനവധി സ്ഥലം ഇതുപോലെ കൃഷിചെയ്യാതെ കിടപ്പുണ്ടു്. അവിടം കായലോരപ്രദേശമായതുകൊണ്ടു് കായലാക്രമണം ഉണ്ടായെങ്കിലോ എന്നു ഭയന്നു കൃഷി ചെയ്യാതിട്ടിരിക്കുകയാണു്. അവിടെ ഗവൺമെൻറ് ഒരു ചിറ ഇടുകയാണെങ്കിൽ ൨൦൦൦ പറ നിലം കൃഷിചെയ്യുവാൻ സാധിക്കും. ദേവികുളം താലൂക്കിൽ പല തരത്തിലുള്ള ധാന്യങ്ങൾ സമൃദ്ധ

[Mr. A. K. Kumaran Vaidyan]

മായി വിളയത്തക്ക സ്ഥലങ്ങൾ ഇപ്പോഴും തരിശുഭൂമികളായി വെറുതെയിട്ടിരിക്കുന്നു. ഈ സ്ഥലങ്ങളെല്ലാം കൃഷിക്കു ഉപയോഗപ്പെടുത്തുവാനായി ആരെയെങ്കിലും ഏൽപ്പിച്ചാൽകൊള്ളാം. ഇന്നത്തെ പരിതസ്ഥിതിയിൽ നമുക്കു ലഭ്യമാകുന്ന സ്ഥലങ്ങളിൽ കൂടുതൽ കൃഷിചെയ്യേണ്ട അത്യാവശ്യകതയെപ്പററി എല്ലാവരും സമ്മതിക്കും. പുറത്തുനിന്നും ആഹാരസാധനങ്ങൾ ഇന്നത്തെ ഭരണാധികാരികളുടെ അത്യന്തപരിശ്രമം കൊണ്ടു കുറെയൊക്കെ ലഭിക്കുന്നുണ്ടെങ്കിലും അതു മുട്ടും മതിയാകാതെയാണിരിക്കുന്നതു്. ഓരോ ഭരണാധികാരികളുടെയും കാലത്തു് ഈ കൃഷിയെ വേണ്ടവിധം പോഷിപ്പിച്ചിരുന്നെങ്കിൽ ഇന്നത്തെ ഈ വിഷമസ്ഥിതി നമുക്കു് ഉണ്ടാകുമായിരുന്നില്ല. നമ്മുടെ ദിവാൻജി അവർകളുടെ ശ്രദ്ധ ഒന്നുകൊണ്ടു മാത്രമാണു ഇത്തരത്തിലെങ്കിലും നാം കഴിഞ്ഞുകൂടുന്നതു്. അല്ലാതെ നമ്മുടെ കൃഷിയുടെ അഭിവൃദ്ധികൊണ്ടല്ലാ. പറവൂർ താലൂക്കിൽ ൨൮൧൦൦ ഏക്കർ സ്ഥലത്താണു കൃഷിചെയ്യുന്നതു് എന്നു കണക്കുകൊണ്ടു കാണുന്നു. അതിൽ ഏഴായിരം ഏക്കറിലധികം നികന്നുപോയി. അവിടെ ഇപ്പോൾ തെങ്ങും ഉണ്ടാകുകയില്ല, നെല്ലും ഉണ്ടാകുകയില്ല എന്നമട്ടാണു്. കോട്ടുവള്ളി പകുതിയിൽ ധാരാളം സ്ഥലങ്ങൾ ഓരോരുത്തർ പതിപ്പിച്ചെടുത്തിട്ടുണ്ടെങ്കിലും ഇപ്പോഴും കൃഷിചെയ്യാതെ കിടക്കുന്നു. ചോദിച്ചാൽ പറയുന്ന കാരണം ചെലവിന്റെ വർദ്ധനവുകൊണ്ടാണെന്നാണു. ഈ ചെലവു ചെയ്യുന്നതിനു നിവൃത്തിയില്ലാ എന്നു പറയുന്നവർതന്നെ മുപ്പതുരൂപ വിലയുള്ള നിലം നൂറും, നൂററിയിരുപതും രൂപ വിലകൊടുത്തു വാങ്ങുവാൻ തയ്യാറുള്ളതായും കാണുന്നു. നേരെമറിച്ചു് ഉള്ള ഭൂമി കൃഷിക്കുപയോഗയോഗ്യമാക്കിത്തീർക്കുവാൻ ഇവർ ഉദ്യമിക്കുന്നില്ല. വേണ്ടവണ്ണം ശ്രദ്ധിക്കുന്ന പക്ഷം ഓരോ താലൂക്കിലെയും ആവശ്യത്തിനുള്ള ആഹാരസാധനങ്ങളിൽ മുക്കാൽ പങ്കും അതാതു താലൂക്കുകളിൽ നിന്നുംതന്നെ വിളയിച്ചെടുക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് പറവൂർ താലൂക്കിലെ ഭക്ഷണകാര്യത്തിൽ ഗവൺമെൻറു് ഒന്നുകൂടി ശ്രദ്ധിച്ചു കാണുവാൻ ആഗ്രഹിക്കുന്നു. ദിവാൻജി അവർകൾ ഈ രാജ്യത്തിന്റെ അഭിവൃദ്ധിയെ ലാക്കാക്കി ഫുഡ് കാൺഫറൻസിൽ വച്ചുനടത്തിയ ശക്തിയായ വാദങ്ങളുടെയും പ്രസംഗങ്ങളുടേയും മററും ഫലമായി നമുക്കു കുറെയൊക്കെ കോട്ടാ അനുവദിച്ചു കിട്ടിയിട്ടുണ്ടെങ്കിലും അതിന്റെ ശരിയായ പ്രയോജനം ജനങ്ങൾക്കു പരക്കെ കിട്ടിയിട്ടുണ്ടോ എന്നു സംശയമാണു്. ഈയിടെ സർവ്വന്റ്സ് ഓഫ് ഇൻഡ്യാസൊസൈററിയുടെ

പ്രസിഡൻറ് അവിടെ വന്നിരുന്നപ്പോൾ അദ്ദേഹത്തിനു നൽകിയ മെമ്മോറിയലിൽ ഇവിടത്തെ ആഹാരക്ഷാമത്തെപ്പററി ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു.

PRESIDENT: Who was that that received the memorial?

MR. A. K. KUMARAN VAIDYAN: പറവൂർ താലൂക്കിൽ പണ്ഡിററു ഹൃദയനാഥകുൺസ്രു എം. എൽ. എ. വന്നപ്പോൾ അദ്ദേഹത്തിനു ഒരു മെമ്മോറിയൽ കൊടുത്തു എന്നാണ് എൻെറ അറിവ്.

PRESIDENT: Order, order. Instances have come to the notice of Government that non-officials and officials of the Government of India coming here for certain purposes have been approached by discontented or disgruntled people here and letters and memorials are presented to them. Applications for appointments, applications for promotions putting forward communal claims are being made whenever anybody, however remotely connected with the Government of India, has visited the State. People who present memorials to such people do not realise that these memorials must necessarily go to the waste-paper basket and will be consigned definitely to the waste-paper basket when those are sent to us, as they always are. The second point is that if non-officials receive deputations and memorials they will, unless they bring it to the notice of Government in a friendly capacity, have their competence unrecognised.

Pandit Hridayanath Kunzru is himself the son of a very great man, Pandit Ayodyanath Kunzru, and a member of the Servants of India Society. Speaking for myself, I may say, he is a man of infinite self-sacrifice who has given up his career for public service. He came here for a stay of 24 hours. To him was addressed a memorial complaining about the diesel oil question, complaining of rationing, complaining of the scarcity of sugar in the coastal districts, complaining that jaggery was not given to Shertala and Chirayinkil while Trivandrum and Quilon got a lot of it and complaining that too much money was collected for the Vanchi Poor Fund and that no money was available at Alleppey for payment to poor students. It was that gentleman who suggested that all the students of the State should be fed free by the Government. That was the thing which was referred to by me yesterday in the course of my remarks. I have great respect for these eminent men who come here but I would warn all the members not to present memorials to such men because if they expect good results, those good results are not likely to follow out of it. Human nature being what it is, if people adopt dubious methods for achieving certain objects, those ends may not be attained.

MR. A. K. KUMARAN VAIDYAN: സർ, പറവൂർ താലൂക്കിൽ കൊടുക്കുന്ന റേഷനും അതോടു തൊട്ടുകിടക്കുന്ന കൊച്ചിരാജ്യത്തെ അതിർത്തിസ്ഥലങ്ങളിൽ കൊടുത്തുവരുന്ന റേഷനും തമ്മിൽ താരതമ്യപ്പെടുത്തിനോക്കുമ്പോൾ നമുക്കു ആറുമാസത്തേക്കു തരുന്ന റേഷൻ അവർക്കു ൪൦ ദിവസത്തേക്കാണ് കൊടുക്കുന്നതു്. അതിനുകാരണം

[Mr. A. K. Kumaru Vaidyan]

നമ്മുടെ ആഹാരസാധനങ്ങളുടെ കുറവാണ്. അതുകൊണ്ട് ഇവിടെ ആഹാരസാധനങ്ങളുടെ കൃഷി വർദ്ധിപ്പിക്കയെന്നുള്ളത് ഏറ്റവും അത്യാവശ്യമാകുന്നു. അതിലേക്കു പര്യാപ്തമായ ഈ പ്രമേയത്തെ പിൻതാങ്ങുന്നതോടുകൂടി ഈ വക സംഗതികളിൽ ഗവൺമെൻറിൻെറ ശ്രദ്ധ കൂടുതൽ പതിയണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു ഒരു സംഗതി കൂടി ഇവിടെ പ്രസ്താവിക്കുവാൻ വിചാരിക്കുന്നു. ഇപ്പോഴത്തെ യുദ്ധം തുടങ്ങുന്നതിനു കുറച്ചു മുമ്പ്, ഇൻഡ്യ കൃഷി വിഷയത്തിൽ സ്വയം പര്യാപ്തമാകണമെങ്കിൽ ചിന്നിച്ചിതറിക്കിടക്കുന്ന ചെറു കാർഷികഖണ്ഡങ്ങളെ ഒന്നായി കൂട്ടിച്ചേർത്തു സഹകരണഅടിസ്ഥാനത്തിന്മേൽ കൃഷിചെയ്യുന്നതായാൽ മാത്രമെ നമ്മുടെ ആഹാരദൌർലഭ്യം തീരുകയുള്ളു എന്നാണ് ആഗ്രാ യൂണിവേഴ്സിററിയുടെ എക്സ്റ്റൻഷൻ പ്രസംഗത്തിൽ പഞ്ചാബിലെ എക്കണോമിക്ക് ഡവലപ്പ്മെൻറ് ബോർഡിൻെറ അദ്ധ്യക്ഷനും സുപ്രസിദ്ധധനതത്വശാസ്ത്രവിദഗ്ദ്ധനും ആയ ഡാക്ടർ. രാധാകുമുദമുക്കർജി അവർകൾ പ്രസ്താവിച്ചിട്ടുള്ളത്. ഈ രീതിയിൽ തിരുവിതാംകൂറിലും ചെറിയ സ്ഥലങ്ങൾ കൂട്ടിച്ചേർത്തു ഒന്നിച്ചു കൃഷിതുടങ്ങുവാനുള്ള ഏർപ്പാടുകൾ ചെയ്തെങ്കിലേ ഇവിടത്തെ കൃഷിയും അഭിവൃദ്ധിപ്പെടുകയുള്ളു എന്നാണ് എനിക്കു പറയുവാനുള്ളത്. അതുകൊണ്ട് വീണ്ടും ഗവൺമെൻറിൻെറ ശ്രദ്ധ ഇതിലേക്കു പതിയണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

MR. THARIATHU KUNJITHOMMAN (*Muvattupuzha cum Devicolam*) സർ, ആഹാരസാധനദൌർലഭ്യത്തെ ഉടനടി പരിഹരിക്കുവാൻ നിവൃത്തിയില്ല. അതു ശരിയാണ്. രാജ്യതന്ത്രജ്ഞനായ ദിവാൻജി അവർകൾ തന്നെ ഈ സംഗതി ജനങ്ങളുടെ ഇടയിൽ പലതവണ പ്രസ്താവിച്ചിട്ടുള്ളതാണ്. അടുത്ത കാലത്തു് എറണാകുളത്തു വച്ച് ചെയ്ത പ്രസ്താവനയിൽ അടുത്ത കാലത്തെങ്ങും നമ്മുടെ ഭക്ഷണസാധനദൌർലഭ്യം നീങ്ങുന്നതല്ലെന്നു പ്രസ്താവിച്ചു. യുദ്ധംതന്നെ ഉടനടി അവസാനിക്കുമോ എന്നറിയുവാൻ പാടില്ലെന്നും, അവസാനിച്ചാൽതന്നെയും ബർമ്മയിൽനിന്ന് അരികൊണ്ടുവരുവാൻ സാധിക്കുമോ എന്നുള്ളത് ഒരു വിഷമമേറിയ പ്രശ്നമായിരിക്കുമെന്നുമാണ് അദ്ദേഹം പ്രസ്താവിച്ചത്. അതുകൊണ്ട് നമ്മുടെ ഭക്ഷ്യസാധനങ്ങൾക്കു അന്യരാജ്യക്കാരെ ആശ്രയിച്ചു ഇനി കാലം കഴിക്കാവുന്നതല്ല. ഇങ്ങനെയുള്ള വിഷമഘട്ടത്തിൽ നമ്മുടെ ആഹാരസാധനങ്ങൾ എങ്ങിനെ വിളയിക്കാമെന്നുള്ള സംഗതിയെപ്പററി ഗാഢമായി ചിന്തിച്ചു വേണ്ട നിവൃത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതു ഏററവും അത്യാവശ്യമായി തീർന്നിരിക്കുന്നു. ഈ രാജ്യത്തു് കൃഷി ചെയ്യുന്നതിനു ധാരാളം ഭൂമിയു

ണ്ടെന്നു പല മെമ്പറന്മാരും പറയുന്നുണ്ടെങ്കിലും അവർ പറയുന്നിട
ത്തോളം ഭൂമി ഇല്ല എന്നാണ് എനിക്കു പറയുവാനുള്ളതു്. കന്നുകാലി
മേച്ചിലിനും മററും കൊള്ളാവുന്ന പുറംപോക്കുസ്ഥലങ്ങൾ കുറെ ഉണ്ടു്.
പിന്നെ നമുക്കുള്ളതു് റിസർവ്വ് വനങ്ങളാണ്. റിസർവ്വു വനങ്ങളിൽ
നിന്നും കൃഷിക്കുപയുക്തമായ ഭൂമി കൃഷിക്കായി വിട്ടുകൊടുക്കണമെന്ന
കാര്യം ഞാൻ പലതവണ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടു
ണ്ടു്. ഈ സ്ഥലങ്ങൾ കൃഷിക്കു നൽകുമോ എന്നു ഈ അവസരത്തിൽ ജന
ങ്ങൾ ഉൽകണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതു്
ഓരോ സ്ഥലത്തും നടക്കുന്ന പൊതുയോഗങ്ങളിൽ സംബന്ധിച്ചിട്ടുള്ള എ
നിക്ക് നല്ലതുപോലെ അറിയാവുന്നതാണ്. അടുത്ത കാലത്തു് മൂവാററു
പുഴവച്ചു് ഒരു കർഷകമഹായോഗം നടന്നു. അതിൽ ഞാൻ പറഞ്ഞ
തു് ഗവണ്മെൻറു് ഈ കാര്യത്തെപ്പററി ചിന്തിക്കുന്നുണ്ടെന്നും താമസിയാ
തെ ഇതിനു വേണ്ട തീരുമാനമുണ്ടാകുമെന്നുമാണ്. റിസർവ്വു വനങ്ങൾ
വീതിച്ചു കൊടുക്കുന്നതുകൊണ്ടു് ഗവണ്മെൻറിന് സാരമായ ദോഷം വരു
മെന്നാണ് ഗവണ്മെൻറു പറയുന്നതു്. ഈ രാജ്യത്തിൻെറ മൂന്നിലൊ
രുഭാഗം, റിസർവ്വു വനങ്ങളായി കിടക്കുന്നു. നാം കൈയിൽ അരി
വച്ചുകൊണ്ടു് ചോറിനിരക്കുന്നവരെപ്പോലെയാണ് ചെയ്യുന്നതു്. റിസർവ്വു
നശിപ്പിക്കുന്നതു തെററാണെന്നു ഞാനും സമ്മതിക്കാം. എന്നാൽ റി
സർവ്വു വനങ്ങളിൽ കൂടുതൽ വൃക്ഷങ്ങൾ നട്ടുവളർത്തത്തക്കവിധത്തിൽ ഈ
സ്ഥലങ്ങാം ആഹാരസാധനങ്ങൾ വിളയിക്കാനായി കൊടുക്കണമെന്നാ
ണ് ഞാൻ ആവശ്യപ്പെടുന്നതു്. മഹാവനങ്ങളും മററും കൃഷിക്കു വിട്ടു
കൊടുക്കണ്ട. ആറുകളുടേയും റോഡുകളുടേയും ജനവാസസ്ഥലങ്ങളുടേയും
സമീപമുള്ള റിസർവ്വു ബൌണ്ടറികൾ ർ മൈൽ ദൂരംവരെ മാററി കൃഷി
ക്കായി കൊടുത്താൽ മതി. അവിടെ നെല്ലു നന്നായി വിളയും.

അങ്ങനെയുള്ള സ്ഥലങ്ങൾ കൃഷിക്കുകൊടുക്കുന്നതു് വളരെ ബുദ്ധി
പൂർവ്വമായ വ്യവസ്ഥകളോടുകൂടിയിരിക്കണമെന്നാണ് ഞാൻ ഗവണ്മെ
ൻറിനെ ഉൽബോധിപ്പിക്കുന്നതു്. അതായതു വാരകൃഷിക്കായി കൊടു
ക്കണം. ഈ കൃഷി വെട്ടുകത്തിയും മൺവെട്ടിയും മാത്രം ഉള്ളവനു
ചെയ്യാവുന്നതാണ്. അല്ലാതെ കായൽകൃഷിപോലെ വലിയ മൂലധനം
ഇതിനു വേണ്ട. മൂന്നാമത്തെ വർഷം ഈ സ്ഥലമത്രയും തേക്കു തൈകൾ
വെച്ചു പിടിപ്പിക്കാം. അതു രാജ്യത്തിനു സുസ്ഥിരമായ ആദായം
ഉണ്ടാക്കും.

PRESIDENT - As the honourable member has the necessary experience and considerable knowledge of these things, would he in the course of his remarks also deal with the recent experiments in hill-paddy embarked upon by Cochin and what the results of them were?

MR. THARIATHU KUNJITHOMMAN: — കൊച്ചിയിലെ കൃഷി പരാജയത്തിലാണ് കലാശിച്ചതു്. ഗവർമ്മെൻറു നേരിട്ടു കൃഷിനടത്തിയതുകൊണ്ടും സമയം തെററി കൃഷിചെയ്തതുകൊണ്ടുമാണു ലാഭകരമല്ലാതായതു്. സാധുകൃഷിക്കാർക്കു് കൊടുത്തു യഥാകാലം കൃഷി നടത്തിയാൽ മലംകൃഷി ആദായകരമായിതീരും.

MR. S. KRISHNA AIYAR : Sir, I lay claim to some practical......

PRESIDENT : Will the honourable member kindly raise his voice?

MR. S. KRISHNA AIYAR : I lay claim to some practical experiences of hill cultivation. The resolution put before the House envisages the cultivation of 500,000 acres under the direct supervision of the Government. 500,000 acres when divided by 640 would give us nearly 800 sq. miles of land. This area will have necessarly to be from the reserves. No doubt there were misapprehensions in certain quarters in that private lands also were thought of for the purpose. An honourable member just now said that there was quite a lot of land in one of the hills fit for paddy cultivation. But I can assure him that there is not even one acre of land fit for cultivation there, because it is on an elevation of about 3,900 ft. and is an exceedingly wind-swept area. The rainfall over there, ordinarily, is about 250 inches per year sometimes rising to 342 so that it may be said to hold second place in the rainfall records standing next to Chirapunji.

There are again certain misapprehensions as to the existence of large grassy areas useful for paddy cultivation in the State. If there are such areas, they must be in the possession of the Forest Department. Firstly we should consider whether those areas are useful for cultivation of food crops. As my honourable friend, Mr. Kunjithommen, pointed out earlier most of those areas are windswept and were, therefore, unfit for paddy cultivation. The result of auction of such areas might have convinced the Conservator of Forests as to the utility of such lands for paddy cultivation. However, without jeopardizing the interests of the community in general the Government as well as the people must be prepared to make sacrifices. But 800 sq. miles is a large order. As was observed earlier, Government could do something for the benefit of the population by throwing open limited areas from the reserves for cultivation.

The second aspect of the matter is that the areas are proposed to be cultivated under the direct supervision of the Government. This I suggest, is a disputable idea. There has been a fatality attaching to Commercial concerns, worked by or supported by the State. I may trace back the history from the days of the Punalur Paper Mills. There the Government had to pay the shareholders all their losses as Government had guaranteed the capital. When Government finds the capital or part of the capital, we find a sort of irresponsibility creeping into such concerns, so that such concerns do not work satisfactorily. If the cultivation of lands is undertaken direct by Government it might certainly spell disaster; Government servants cannot be taken to be technicians in cultivation or any other industry. As observed yesterday, Govern-

ment servants are there for a specific purpose and are trained for a specific purpose. They may be able to make good speeches but can they make good......

PRESIDENT: I do not think that the honourable member need labour on that point, because there is no sincere convert from one avocation to the other.

MR. S. KRISHNA AIYAR: Government must be prepared to sacrifice limited portions of their reserves for present existence, and not merely conserve for a future which depends on the present.

MR. K. DOMINIC JOSEPH (*Vaikom* cum *Kottayam*): I wish to make one or two observations with regard to the points raised by the Chair. We are asked to give our opinion regarding the leasing out of forest lands for paddy cultivation in the light of the result of the hill-paddy scheme in Cochin. In this connection we are heartened to hear that the recent decision announced by the Government with regard to the leasing out of forest lands for cultivation is only a tentative one and that the Government keeping an open mind with regard to that matter and also that the Government is open to conviction. It is true that the hill paddy scheme in Cochin was a failure, but that does not show that the hills are not suitable for paddy cultivation. It only shows—

PRESIDENT: I did not dogmatise on that matter. I merely wanted information from members who might know enough about the ins and outs of that experiment and desired them to give us the benefit of their experience or knowledge so that we might guard against similar mistakes here. That is all.

MR. K. DOMINIC JOSEPH: The failure of the hill paddy scheme in Cochin only shows that if the Government embark upon such agricultural experiments of a vast magnitude which is not within the competence of Government officers, no successful results could be achieved. It is well-known that for proper cultivation of extensive areas, adequate labour is needed. I am told that even for harvest, there was not sufficient labour population available in Cochin, for, they had been deflected to other fields of activity. Many of them had gone to Assam, and some others had gone for war service. Even for reaping paddy, there was not adequate labour force. For these reasons, I think that the failure of the Cochin hill paddy cultivation has not much significance to Travancore. As Mr. Krishna Aiyar suggested, Government should not undertake the carrying out of such schemes. As my honourable friend, Mr. Kunjithommen, has suggested, small blocks of land could be leased out to the actual cultivator. In a juncture like this, it is unsafe to depend on the import of food materials. Certainly import was the quickest and the best under the circumstances. But it is not the safest thing to rely on outside paddy. There is the possibility of outside crop failing at any time. Transport may fail us. The exigencies of war may spring on us many surprises and in these circumstances, it is advisable to depend upon our own resources and also develop them to the utmost. There is adequate land fit for paddy cultivation in the State. I submit that honest and strenuous attempts should be made to produce as much paddy as possible within the State by leasing out suitable areas from within the Government forests,

MR. VARKALA K. MADHAVAN (*Chirayinkil cum Nedumangad*): In the matter of extensive cultivation of paddy, ryots are undergoing certain difficulties, so much so that, even if lands are made available to them, I doubt whether extensive cultivation is possible. In the matter of agricultural implements there is difficulty for the ryots. Some of the implements are of primitive kind and they are not available in adequate numbers. In these circumstances, I doubt whether they could get on with cultivation for long. All these needs have to be looked into from the point of view of extensive cultivation.

As regards the reclamation of backwaters suggested by the Dewan, I am of opinion that the idea is commendable. The scheme ought to be tried whatever be the risks that Government will have to face. Once upon a time Kayancolam back water was a sheet of extensive punja fields and the tradition is that it was later on converted into backwaters.

PRESIDENT: The tradition is that it was a punja field before the days of Raja Martanda Varma.

MR. VARKALA K. MADHAVAN: Yes, Sir. If the proposed scheme is tried, I am sure it will end in success.

MR. THAMARAPALLIL KOCHUTHOMMEN (*Thiruvalla*) സർ, ഭക്ഷ്യസാധനക്കുറവിനെ പരിഹരിക്കുന്നതിലേക്കു കൂടുതൽ സ്ഥലം കൃഷിചെയ്യണമെന്നാണല്ലോ വാദവിഷയം. കായലുകളിലും റിസർവുകളിലും കൃഷിചെയ്യാവുന്നതായി ധാരാളം സ്ഥലങ്ങൾ ഉണ്ടു്. തരിശു കരഭൂമികളും ഉണ്ടു്. ൧൦൭൫-ാമാണ്ടോടുകൂടിയാണ് വനങ്ങൾ റിസർവ്വാക്കുന്ന ഏർപ്പാടു ശക്തിപ്പെട്ടുതുടങ്ങിയതു്.

തൊടുപുഴകഴിഞ്ഞാൽ പിന്നീടു തിരുവിതാംകൂറിലെ രണ്ടാമത്തെ വലിയ താലൂക്കു ചെങ്ങന്നൂർ ആയിരുന്നു. ചെങ്ങന്നൂർ താലൂക്കു നിന്നു പത്തനംതിട്ട താലൂക്കു സൃഷ്ടിച്ചു. റാന്നി, കോന്നി, പത്തനംതിട്ട, കുമ്പഴ മുതലായ സ്ഥലങ്ങളിൽ ഉള്ള ആളുകൾക്കു പ്രധാന ജീവിതമാർഗ്ഗം മലംകൃഷിയായിരുന്നു. ഇവർ തുലാമാസത്തിൽ വനത്തിൽ പുല്ലു പിഴുതു ധനുമാസത്തിൽ കാടുവെട്ടി മകരം അവസാനത്തിനകം തീയിടും. ഇതു നിമിത്തം കാടും മരങ്ങളും നല്ലതിൻവണ്ണം വെന്തു് ഭൂമിക്കും തീയുടെ ജ്വാല ഏററു വേകുന്നതിനും ഇടയാകും. കുംഭമാസത്തിൽ മഴയുണ്ടായി മരങ്ങളും കാടുകളും തീയിട്ടാൽ വേകാതെ വരുന്നതാണു. മകരത്തിൽ തീയിട്ടു കാടുകളും മരങ്ങളും വെന്തു ഭസ്മമാകുന്നതു നിമിത്തം ൨൫൦-൨൦൦ മേനി വിളവുണ്ടാകുന്നതാണ്. ഈ സ്ഥലത്തുള്ള കൃഷി കുംഭത്തിൽ കാടുവെട്ടുന്നതിനാലും തീയിടുന്നതിനാലും വിളവു വളരെ കുറഞ്ഞുപോകുന്നു. കൃഷിയിൽ നാം ആഗ്രഹിക്കുന്ന വിളവു ഒരിക്കലും കിട്ടുകയില്ല.

കൂടാതെ ൫൦ ഏക്കർ ഭൂമിയെങ്കിലും ഒരാളിന്റെ ചുമതലയിൽ വച്ചു് ചില്ലറയായി സാധുക്കൾക്കു കൊടുത്തെങ്കിൽ മാത്രമേ ദുഷ്ടമൃഗങ്ങ

ളുടെ ശല്യങ്ങളിൽനിന്നും കൃഷിയെ കാത്തുരക്ഷിക്കുന്നതിനു സാധിക്കുകയുള്ളൂ. ഒന്നും രണ്ടും ഏക്കർ വീതം സാധുക്കൾക്കു തിരിച്ചുകൊടുത്തു അവർ സ്വാതന്ത്ര്യമായി കൃഷിചെയ്താൽ യോജിച്ചു കാട്ടാന ശല്യങ്ങളിൽ നിന്നും കൃഷിക്കുള്ള ഉപദ്രവത്തെ നീക്കി സൂക്ഷിക്കയില്ല. പണം മുൻപേറു ഇറക്കി കാവൽക്കാരെ ഇട്ടു ഒരുത്തന്റെ മേൽനോട്ടത്തിൽ സൂക്ഷിച്ചെങ്കിൽ മാത്രമേ കാട്ടാനശല്യത്തിൽ നിന്നും മററും കൃഷിയെ രക്ഷിക്കാൻ സാധിക്കയുള്ളൂ. കാട്ടാനകളുടെ ശല്യം ആണ്ടുതോറും വളരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആനകൾക്കു മനുഷ്യരെ തീരെ ഭയം ഇല്ല. ഈ ആണ്ടിൽത്തന്നെ റാന്നിറെയിഞ്ചിൽ നെൽകൃഷിചെയ്തുകൊണ്ടിരുന്നതായ കൃഷിക്കാരിൽ രണ്ടുപേരെ കാട്ടാന ചവിട്ടി കൊന്നു. വേറെ പല സ്ഥലങ്ങളിലും ഈപ്രകാരമുള്ള പല ഉപദ്രവങ്ങളും ഉണ്ടാകുന്നുണ്ട്. ഒരേക്കർ, രണ്ടേക്കർ ഭൂമിവീതം കൃഷിക്കായി കൊടുക്കേണ്ടതു അത്യാവശ്യമാണ്.

MR. T. C. KESAVA PILLAI : സർ, ഭക്ഷ്യസാധനത്തെ സംബന്ധിച്ചതായ ഒരു പ്രമേയം ഇന്നത്തെ പരിതസ്ഥിതിയിൽ വളരെ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണ്. ആഹാരത്തിന്റെ യഥാർത്ഥമായ നില ഇപ്പോഴാണ് നാം മനസ്സിലാക്കുന്നതു്. റോഡരുകിൽ താമസിക്കുന്ന ജനങ്ങളുടെ സങ്കടം വളരെയാണ്. സാധാരണ കഞ്ഞിയുടെ വെള്ളം പച്ചവെള്ളവും ചേർത്തു കിട്ടിയാലെങ്കിലും മതിയെന്നു യാചിക്കുന്നവരായി ധാരാളം ആളുകൾ ഉണ്ട്. ഈ നില വളരെ പരിതാപകരമായതൊന്നാണ്. തിരുവിതാംകൂറിനു ധർമ്മരാജ്യമെന്നാണു പേർ. തിരുവിതാംകൂർ രാജ്യത്തിൽ ആക്കും ആഹാരം കൊടുക്കുമെന്നുമുള്ളതു്, മഹാരാജാവു തിരുമനസ്സു മുതൽ കേവലം ഒരു ഭിക്ഷക്കാരൻവരെയുള്ള ജനങ്ങളുടെ മനഃസ്ഥിതിയാണ് എന്നുള്ളതു് ഈ രാജ്യത്തിലെ വഴിയമ്പലങ്ങൾ, സത്രങ്ങൾ, ഊട്ടുപുരകൾ (ഈവക ധർമ്മസ്ഥാപനങ്ങൾ ഇപ്പോൾ ഇല്ലെങ്കിലും) ഇവയുടെ ശിഥിലങ്ങളായ അവശിഷ്ടങ്ങൾ കാണുന്നതിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നതാണ്. കാട്ടാത്തറ ഒരു കഞ്ഞിമഠം ഉണ്ടായിരുന്നു. അതിലെ സ്വത്തുക്കൾ മുഴുവൻ പതിച്ചുകൊടുത്തു. അതു തിരിയെ കൊടുത്തുകൂടാത്തതു് എന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു. ഇതുമാതിരി തിരുവിതാംകൂറിൽ പല ധർമ്മസ്ഥാപനങ്ങളും ഉണ്ടായിരുന്നു. ഞാൻ ആവേശംകൊണ്ടു് സങ്കടം പറയുന്നതിൽ വഴിതെററിപ്പോവുകയാണെങ്കിൽ പ്രസിഡന്റു അവർകൾ ദയവായി മാപ്പുതരണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. കഞ്ഞികൊടുക്കുന്നതു് വലുതായ ഒരു ധർമ്മമാണ്. മഹാരാജാവു തിരുമനസ്സിലെ തിരുനാൾദിവസം സാധുക്കളായ ആളുകൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും രണ്ടും മൂന്നും പ്രാവശ്യം കഞ്ഞികുടിച്ചിട്ടു് തിരുമനസ്സുകൊണ്ടു് ൧൦൦ വയസ്സുവരെ ജീവിച്ചിരിക്ക

[Mr. T. C. Kesava Pillai.]

ട്ടേയെന്നു അനുഗ്രഹിക്കുന്നതു കേൾക്കാൻ ഇടയായിട്ടുണ്ട്. ഈ സംഗതികൾ ഞാൻ യഥാർത്ഥമായി ദൈവത്തിന്റെ മുൻപിൽ പറയുന്നതുപോലെ പറയുകയാണു. ഇവിടെ കരക്കമ്മിററിയുണ്ട്, താലൂക്കുകമ്മററിയുണ്ടു. ദാമോദരനാനാൻ അവർകൾ ഉണ്ടു. പക്ഷേ അദ്ദേഹത്തിന്റെ ദ്വാരമുള്ള കടലയും മാവില്ലാത്ത അരിയുംകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഓരോ താലൂക്കുതോറും, കരകൾതോറും കഞ്ഞികമ്മിററികൾ സ്ഥാപിച്ച് ഏതവസരത്തിലും ദിവാൻജി അവർകൾ ആ കമ്മററികൾ പരിശോധിക്കുമെന്നുള്ള നില ഉണ്ടാകണം. പത്തായങ്ങളും മററും മുദ്ര വയ്ക്കുകയും പോലീസുകാർ കർശനമായ നടപടികൾ എടുക്കുകയും ചെയ്തതിന്റെ ഫലമായിട്ട് തോവാളയിലും മററും ഒരിടങ്ങഴി അരിക്ക് നാലര പണം ബ്ലാക്കുമാക്കററു വിലയായിട്ടുണ്ട്. തിരുവിതാംകൂറിൽ കൃഷിക്കു ഉപയോഗപ്രദമായ കായൽപ്രദേശങ്ങളും വനപ്രദേശങ്ങളും ഉണ്ടെന്നുള്ളതു് പരമാർത്ഥംതന്നെ. ഞങ്ങളുടെ താലൂക്കിലും റിസർവ്വവനങ്ങൾ ഇല്ലാതില്ല. നെയ്യാററിൻകര താലൂക്കിൽ തന്നെ ൫൨,൦൦൦ ഏക്കർ കാണിപ്പററു സ്ഥലങ്ങൾ ഉണ്ട്. അവയിൽനിന്നും മുപ്പതും നാല്പതും ഏക്കർവീതം സാധുക്കൾക്കു പതിച്ചുകൊടുക്കുന്നതായാൽ മരച്ചീനി മുതലായ ആഹാരസാധനങ്ങൾ വൻപിച്ച തോതിൽ വിളയിക്കാൻ സാധിക്കും. വിളവങ്കോടു താലൂക്കിൽ കളിയൽ എന്ന സ്ഥലത്തു് റിസർവ്വവനത്തിനു വെളിയിൽ ഫലപ്രദമായ ധാരാളം സ്ഥലങ്ങൾ കൃഷിക്കു ഉപയുക്തമായി കിടപ്പുണ്ടു. അവയെല്ലാം കൃഷിക്കായി കൊടുക്കണം. ഞാൻ ബഹുമാനപ്പെട്ട ഗവമ്മെൻറിനോട് അഭ്യർത്ഥിക്കുന്നതു് ഓരോ താലൂക്കിലും വഞ്ചിപൂവർ ഫണ്ടിന്റെ ശാഖകളായി ഓരോ കമ്മററി സ്ഥാപിച്ചു സാധുക്കൾക്കു കഞ്ഞികൊടുക്കണമെന്നുള്ളതാണ്. മുൻപുണ്ടായിരുന്ന ധർമ്മസ്ഥാപനങ്ങൾ എല്ലാം ഗവമ്മെൻറു എടുത്തുകഴിഞ്ഞു. കാട്ടാത്തറെയുള്ള കഞ്ഞിമഠംതന്നെ നിറുത്തൽചെയ്തു. അതു് എൻഡോമെൻറു അക്കൗണ്ടിൽ വരുന്നില്ല. അതു് എന്തുകൊണ്ടു തിരിയെ എടുത്തുകൂടാ എന്നു ചോദിച്ചപ്പോൾ "ഡിസ്അലൌഡ്" എന്നായിരുന്നു ഉത്തരം. ഓരോ കരകൾതോറും കമ്മിററികൾ സ്ഥാപിച്ച് ആ താലൂക്കു കമ്മററികൾ ശുപാർശചെയ്യുന്നതായ സ്ഥലങ്ങൾ കൃഷിക്കായി പതിച്ചുകൊടുക്കണം. ഇപ്രകാരം പതിച്ചുകൊടുക്കുന്നതു് പുറംപോക്കായാലും ശരി, റിസർവായാലും ശരി, കായൽപുറംപോക്കായാലും ശരി, തിരുപ്പുവാരംപോലുള്ള ഏർപ്പാട് ഉണ്ടാക്കണം. ഇപ്രകാരം ഒരു ഭേദഗതി ഈ പ്രമേയത്തിൽ വരുത്തി വഞ്ചിപൂവർഫണ്ടിന്റെ നിയന്ത്രണത്തിൽ ഓരോ താലൂക്കുകമ്മററികൾ രൂപീകരിച്ച് അവയ്ക്കു വേണ്ട അധികാരങ്ങൾ കൊടുക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ

പ്രമേയത്തിൽ അടങ്ങിയിരിക്കുന്നതായ തത്വം നടപ്പിൽവരുത്തണമെന്നും തിരുപ്പുവാരം ഏർപ്പാടുപോലെ ഒരേക്കറിനു ഒരു രൂപാ തിരുപ്പുവാരമെന്നു കണക്കാക്കി ഈടാകുന്ന തുകകൾകൊണ്ടു് ധർമ്മസ്ഥാപനങ്ങൾ നടത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. അല്ലാതെ തിരുനെൽവേലി, ഡൽഹി മുതലായ വിദേശികളുടെ പണം നമുക്കു എന്തിന്? നമ്മുടെ പൂർവ്വികന്മാരുടെ അഭിമാനത്തെ സംരക്ഷിക്കുന്നതിനും മഹാരാജാവു തിരുമനസ്സിലെയും സചിവോത്തമൻെറയും അഭിമാനം എന്നും നിലനില്ക്കത്തക്ക നിലയിലും നാം സംഘടിച്ചു് ഒരു ഫണ്ടു് ഉണ്ടാക്കി ഈ ധർമ്മസ്ഥാപനങ്ങൾ നടത്തണമെന്നു വീണ്ടും അഭ്യർത്ഥിച്ചുകൊണ്ടു് പ്രമേയത്തെ പിൻതാങ്ങുന്നു.

MR. K. S. SABASTIAN: Sir, in supporting this resolution I would make a humble suggestion that the recommendations of the Economic Development Board ought to be accepted by the Government. In the beginning I did not wish to speak in support of this motion because I thought that Government had made up their minds once for all not to give any bit of land for any purposes. I am aware of the assurance given by the Chair that Government are prepared to accept any advice or suggestion from us. I have to say that there is very great wisdom in the statements made by Mr. Thariathu Kunji Thommen. He has spoken from the practical experience of a typical agriculturist. So also Mr. Kochuthommen, who is himself one of the lessees of the forest lands, has given very valuable suggestions on the subject. In this connection I would also request Government to liberalize their land policy to a great extent. The suggestions regarding the prospect of the Vembanad lake being reclaimed and converted into paddy fields and all that, I would respectfully submit, are far from convincing to me. It is certainly a hazardous task involving an expenditure of millions of rupees. And in these critical days of the war it is no use of our dreaming noble dreams, however grand they may be. We have to face the problems as they are and we have to face them immediately.

PRESIDENT: Order, order. It is not the intention of Government to regard these reclamations as mere dreams, because I have already asked for the service of an expert who has had experience both in Holland and America to advise us in the matter and I am expecting a reply from him shortly. As soon as another expert who is to advise us with regard to the result or the possible repercussions of these plans on the development of the ports of Cochin and Alleppey reports this Government propose to start work which may begin next year.

MR. K. S. SABASTIAN: It has been stated by Government that large areas of forest lands are set apart primarily for the purpose of being assigned to the demobilised soldier when he returns after the war.

PRESIDENT: No, no. I think there has been a mistake. What Government's policy on the matter is, might be stated beyond doubt. It is a matter of very great gratification that we have sent more recruits to the armed forces than any other unit—more than even the people with so-called martial spirit. Those soldiers have fought or will fight against the tried soldiers of the foremost countries in the world

[President.]

from the point of view of industrial and military advancement. When they come back, something must be done for them, otherwise a large number of legitimately discontented people will exist in the State. And honourable members of this House, with their political knowledge, must realise that the demobilised soldier has been, from the time of Julius Caesar down to 1923, the reason for revolutions in States, because a person of that type having made all the sacrifices for the country comes back and is asked to starve and is not prepared to starve. Therefore, we must make up our minds that people who have risked their lives for the country should have something to do and the only way in which it can be done is to engage as many of them as possible on industries and others to settle on land. That is a proposition which must be acceded to, because the danger of not acceding to it is great. That was what I meant.

MR. K. S. SABASTIAN: The areas set apart for such soldiers, I would suggest, may even now be used for production of food grains. The present arrangement need be only for a temporary lease for the production of foodstuffs alone. That does not mean that these lands will pass into the hands of private people. My submission is that we have to follow the example that has been shown by the neighbouring States of Cochin and Mysore. Cochin has recently published a notification inviting people for the cultivation of Government lands with food crops on liberal terms and they have thrown open considerable extent of land for the production of foodstuffs. So also is the case with Mysore. It is high time that Travancore also followed the example of those two States in this connection. Paddy alone need not be cultivated. Tapioca may also be raised. Tapioca is an article of food which will go a great way in relieving the food situation of the present day. I would, therefore, once again draw the pointed attention of Government to the suggestions offered by the Economic Development Board.

The House rose for lunch at 2 P. M., and re-assembled at 3 P. M.

MR. K. S. SABASTIAN: Sir, in view of the serious food situation.........

PRESIDENT: Order, order. As honourable members know, the debate on the food situation will commence at half past three and as on this matter the departmental answers will no doubt be made available to honourable members, the other members who wish to speak on the present subject must curtail their remarks.

MR. K. S. SABASTIAN: I would dare to suggest that Government would be able to set apart at least a lakh of acres of forest lands for cultivation of food crops, whether the crops be paddy, tapioca or anything else, and I would request the Government to take prompt measures so that cultivation may be made possible even this year itself. This is all that I wish to submit to the House for its consideration.

MR. KOTTALIL P. ABRAHAM: "A drowning man catches at a straw." I take it that it is in that spirit this resolution has been moved by the honourable member. He has brought the subject more than once before the House and he believes in putting forward again the

